DESPATCHED
On..9/2/22...

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.394(5)/20/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 2258/SIC-G7/2020**

**ഉത്തരവ് തീയതി : 30.12.2021**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. വി.പി.ജോസഫ്,
വിലങ്ങപ്പാറ, ഇടയാർ പി.ഒ,
കൂത്താട്ടുകുളം, എറണാകുളം.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുമാറാടി വില്ലേജ് ഓഫീസ്,
എറണാകുളം.**

2. **അപ്പീൽഅധികാരി,
താലൂക്ക് ഓഫീസ്, മൂവാറ്റുപുഴ,
മുടവൂർ പി.ഒ – 686669.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.09.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 16.10.2019 |
| ഒന്നാംഅപ്പീൽ | 31.10.2019 |
| അപ്പീൽ അധികാരിയുടെതീരുമാനം | 30.11.2019 |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 10.02.2020 |
| ഹിയറിംഗ്തീയതി, സ്ഥലം | 16.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. വിവരാവകാശ അപേക്ഷയിലൂടെ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്, മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിന് വിലങ്ങപ്പാറ ഭാഗത്ത് പാറ (കരിങ്കൽക്വാറി) ഖനനം നടത്തുന്നതിന് പ്ലാൻ, ലൊക്കേഷൻ സ്കെച്ച്, അനുമതിപത്രം എന്നിവ ലഭിക്കുന്നതിന് വേണ്ടി വില്ലേജ് ഓഫീസിൽ ആരൊക്കെ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട് രേഖകളുടെ പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട 4 ഇന വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് 16.10.2019 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 31.10.2019 ൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിന്മേൽ 30.11.2019 ൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം ലഭിക്കുന്നതിനായി താലൂക്ക് ഓഫീസിൽ സമീപിക്കേണ്ടതാണെന്ന് 16.10.2019 ൽ മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമല്ലാതിരുന്നിട്ടും വിവരം ലഭ്യമാകുന്ന ഓഫീസിലേയ്ക്ക് കൈമാറാതിരുന്ന എസ്.പി.ഐ.ഒയുടെ നടപടി ശരിയല്ലെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് വില്ലേജ് ഓഫീസർക്ക് താക്കീത് നൽകിയിട്ടുണ്ടെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് താലൂക്ക് ഓഫീസിലേയ്ക്ക് തുടർനടപടിയ്ക്കായി സമർപ്പിച്ചിരുന്നതിനാലാണ് വിവരം താലൂക്ക് ഓഫീസിൽ നിന്നും ശേഖരിക്കേണ്ടതാണെന്ന മറുപടി നൽകിയതെന്നും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട രേഖകൾ നാളിതുവരെയായി ലഭ്യമായില്ലെന്നും മന:പൂർവ്വം വിവരം ലഭ്യമാക്കിയില്ലെന്നും മറ്റുമാണ്.

5. അപ്പീൽഹർജിയും അനുബന്ധരേഖകളും എതിർകക്ഷിയുടെ മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ സമയബന്ധിതമായി മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. മാത്രമല്ല 16.10.2019 ൽ മറുപടി ലഭ്യമാക്കിയപ്പോൾ പ്രസ്തുത വിവരം ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം വിവരത്തിനായി ഒരു പൊതു അധികാരസ്ഥാനത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത വിവരം ഓഫീസിൽ ലഭ്യമല്ലെങ്കിൽ വിവരം ലഭ്യമാകുന്ന പൊതു അധികാരസ്ഥാനത്തേയ്ക്ക് അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം കൈമാറേണ്ടതും പ്രസ്തുത വിവരം ഹർജിക്കാരനെ അറിയിക്കേണ്ടതുമാണ്. 31.10.2019 ൽ അപ്പീൽ തീർപ്പാക്കിയ സമയത്ത് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണെന്ന് അപ്പീൽ അധികാരി ഉത്തരവ് നൽകിയിട്ടും എസ്.പി.ഐ.ഒ വിവരം ലഭ്യമാക്കിയില്ല. വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപ്പീൽ ഹർജിക്കാരൻ 20.09.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ താലൂക്ക് ഓഫീസിൽ നിന്നും ശേഖരിച്ച് ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻസെക്രട്ടറി**
Jn